**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5200** **21-07-2022 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗ തൈകളും അലങ്കാരചെടികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സ്വകാര്യ നേഴ്സറികളിൽ വിദേശത്ത് നിന്നും വ്യാപകമായി പഴവർഗ്ഗ തൈകളും, അലങ്കാര ചെടികളും കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇങ്ങനെ കൊണ്ടുവരുന്ന വിളകളിലും അലങ്കാരചെടികളിലും ഉണ്ടാകുന്ന രോഗ, കീടബാധയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ആയതിന് കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സസ്യങ്ങൾ ഇറക്കുമതി ചെയ്യുന്ന നഴ്സറികളോട് അനുബന്ധിച്ച് ക്വാറന്റൈൻ സൗകര്യം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇറക്കുമതി ചെയ്യുന്ന സസ്യങ്ങൾ വിൽക്കാൻ Directorate of Plant Protection & Quarantine (DPPQ) നൽകുന്ന Post Entry Quarantine Certificate (PEQ Certificate) ആവശ്യമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്ന ടീമിൽ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദരും ഉൾപ്പെടുന്നു. അധിനിവേശ രോഗങ്ങളും കീടങ്ങളും കണ്ടെത്തുന്ന പക്ഷം ക്വാറന്റൈൻ കേന്ദ്രത്തിൽ വെച്ച് തന്നെ ഇറക്കുമതി ചെയ്ത സസ്യങ്ങൾ കരിച്ചു കളയുകയാണ് (incinerate) ചെയ്യുന്നത്.<br><br>കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുകയും വില്പന നടത്തുകയും ചെയ്യുന്നതും കേരളത്തിന് പുറത്തു നിന്നും കൊണ്ടുവരുന്നതുമായ നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി "നഴ്സറി ആക്ട്" രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ